# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ - 3617 | 11.11.2019-ൽ<br>മറുപടിയ്ക്ക് |
|---|---|

## മലപ്പുറം ജില്ലയിലെ തിരൂരിൽ വെച്ച് നടന്ന മികവ് പദ്ധതി

| ചോദ്യം<br>**ശ്രീ.ടി. വി. ഇബ്രാഹിം** | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ തിരൂരിൽ വെച്ച് നടന്ന മികവ് പദ്ധതിക്ക് ആകെ എത്ര രൂപ, ഏതൊക്കെ കാര്യങ്ങൾക്ക് ചെലവഴിച്ചു എന്നറിയിക്കാമോ; | (എ) മികവ് എന്ന പേരിൽ തിരൂരിൽ നടന്ന സർക്കാരിന്റെ ആയിരം ദിനാഘോഷത്തോടനുബന്ധിച്ച് എക്സിബിഷൻ ഹാളും, സ്റ്റേജും, ഹാംഗറുകളും സജ്ജീകരിച്ചതിന് ആകെ 20 ലക്ഷം രൂപയും, കലാ സാംസ്ക്കാരിക പരിപാടികൾ നടത്തിയ വകയിൽ 5 ലക്ഷം രൂപയും, എക്സിബിഷനോടനുബന്ധിച്ച് സെമിനാർ ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾക്കായി 3,57,700/- രൂപയും, അതോടനുബന്ധിച്ച് നിലമ്പൂർ താലൂക്കിൽ പട്ടയമേള നടത്തിയതിന് പന്തൽ തുടങ്ങിയ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയ വകയിൽ 42,830/- രൂപയും ഉൾപ്പെടെ ആകെ 29,00,530/- രൂപ (ഇരുപത്തൊൻപത് ലക്ഷത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പരിപാടിയോടനുബന്ധിച്ച് മലപ്പുറം ജില്ലയിൽ ഏതൊക്കെ പദ്ധതികൾ ഉദ്ഘാടനം ചെയ്തു; ഏതൊക്കെ പദ്ധതികൾ പുതുതായി ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;<br>(സി) ഉദ്ഘാടനം ചെയ്ത പദ്ധതികളിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ പട്ടയവിതരണം, കീഴുപറമ്പ് സ്മാർട്ട് വില്ലേജ് കം റസിഡൻഷ്യൽ ക്വാർട്ടേഴ്സ് ഉദ്ഘാടനം, വെറ്റിലപ്പാറ സ്മാർട്ട് വില്ലേജ് കം റസിഡൻഷ്യൽ ക്വാർട്ടേഴ്സ് ഉദ്ഘാടനം എന്നിവ നടത്തിയിട്ടുള്ളതാണ്. |

| | |
|---|---|
| (ഡി) തിരൂരിലെ മികവ് പദ്ധതിക്ക് വേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) പ്രസ്തുത പദ്ധതിയ്ക്കായി പുതിയ ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ